## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4302** **09-08-2021 - ൽ മറുപടിയ്ക്ക്**

## ഭൂമി കയ്യേറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കയ്യേറ്റക്കാരിൽ നിന്ന് ഭൂമി ഒഴിപ്പിച്ചെടുക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3778/2018/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് താലൂക്ക് സർവ്വെയർ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ച് വരുന്നു. 08.11.2008 -നു ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/ റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, |

| | | | |
|---|---|---|---|
| | | | ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം, ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കേരള ഭൂസംരക്ഷണ നിയമം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു. |
| (ബി) | ഹൈക്കോടതിയിൽ നടക്കുന്ന മിച്ചഭൂമി കേസുകളിൽ തീർപ്പുണ്ടാക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നിയമാനുസൃത നടപടികൾ അറിയിക്കുമോ; ഈ കേസുകളുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരള ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ വിവരം, ജില്ലകളിൽ നിന്നും ലഭിച്ചു വരുന്ന അനുകാലികങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഫയൽ ചെയ്ത 56 കേസുകളും, കക്ഷികൾ ഫയൽ ചെയ്ത 216 കേസുകളും ഉള്ളതായി കാണുന്നു. സർക്കാർ ഫയൽ ചെയ്ത കേസുകളിൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശ പ്രകാരം യഥാസമയം അഫിഡവിറ്റ് ഫയൽ ചെയ്യുന്നുണ്ട്. സ്റ്റേറ്റ് എതിർ കക്ഷിയായ കേസുകളിൽ Counter Affidavit ഫയൽ ചെയ്യുന്നതിന് അതാത് കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. Statement of Facts നൽകേണ്ട കേസുകളിൽ യഥാസമയം നൽകുന്നുണ്ട്. മേൽപ്പറഞ്ഞ കേസുകളിൽ സർക്കാരിനെതിരെ വിധി വരുന്ന കേസുകളിൽ മേൽ കോടതിയിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടി എടുക്കുന്നുണ്ട്. ബഹു. ഹൈക്കോടതിയുടെ website-ൽ case status നിരീക്ഷിക്കുകയും ദീർഘകാലമായി വിചാരണ യ്ക്കെടുക്കാത്ത കേസുകളിൽ അടിയന്തിരമായി തുടർ നടപടി സ്വീകരിക്കുന്നതിനു വേണ്ടി അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകി വരികയും ചെയ്യുന്നു. |
| (സി) | കയ്യേറ്റങ്ങൾക്ക് കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കയ്യേറ്റങ്ങൾക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും ശ്രദ്ധയിൽപ്പെട്ട കേസുകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കഴിഞ്ഞ സർക്കാർ എസ്ചീറ്റ് ആയ ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ അറിയിക്കുമോ? | (ഡി) | കഴിഞ്ഞ സർക്കാർ എസ്ചീറ്റ് ആയ ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ അനുബന്ധമായി |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - സർക്കാർ ഭൂമി കൈയേറ്റം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഒരു ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റു ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (സാധാ) നം. **3778**/2018/റവ തീയതി, തിരുവനന്തപുരം 10/09/2018

**ഉത്തരവ്**

സർക്കാർ ഭൂമി കൈയ്യേറ്റം വ്യാപകമായി നടക്കുന്നുണ്ടെന്നും കൈയ്യേറ്റത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലായെന്നും പത്ര, ദൃശ്യ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തുവരുന്ന ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. സർക്കാർ ഭൂമി കൈയ്യേറുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള ഭൂസംരക്ഷണ ആക്റ്റിൽ ഉണ്ടെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സമയോചിതമായി നടപടികൾ എടുക്കാത്തത് കാരണം ഉണ്ടാകുന്ന സ്റ്റേ ഉത്തരവുകളും ബഹു. കോടതികളിൽ നിന്നുണ്ടാകുന്ന ഇടക്കാല ഉത്തരവുകളും കോടതി വിധികളും കൈയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

2) പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ ഭൂമി കൈയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറേയും അസിസ്റ്റന്റ് കമ്മീഷണറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) മേല്പറഞ്ഞ രീതിയിൽ രൂപീകരിക്കുന്ന സെല്ലിനു താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

1) സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തൽക്ഷണം ജില്ലാ കളക്ടർമാരിൽ നിന്നോ ബന്ധപ്പെട്ട തഹസിൽദാർമാരിൽ നിന്നോ റിപ്പോർട്ട് നേടണം.

2) സർക്കാർ ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ സമയോചിതമായും കാര്യക്ഷമതയോടേയും ഇടപെടുകയും ഒഴിപ്പിക്കൽ നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി, ഒഴിപ്പിക്കൽ നടപടികൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്നു ഉറപ്പാക്കണം.

3) മീഡിയായിലും മറ്റ് മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്തുവരുന്ന കൈയ്യേറ്റ കേസ്സുകളും പ്രധാനപ്പെട്ട കൈയ്യേറ്റങ്ങളും സ്ഥല പരിശോധന നടത്തി കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും ഒഴിപ്പിച്ചെടുക്കുന്നതിനും നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

4) അധികാര സ്ഥാപനങ്ങളുടെ സ്റ്റേ ഉത്തരവുകൾ ഉണ്ടെങ്കിൽ അത് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5) കോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ സർക്കാരിന്റെ ഭാഗം വാദിക്കുന്നതിനും സ്റ്റേറ്റ്മെന്റുകൾ/കൗണ്ടർ അഫിഡവിറ്റുകൾ എന്നിവ ഫയൽ ചെയ്യുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം.

6) സബ് കളക്ടർമാരുടേയും റവന്യു ഡിവിഷണൽ ഓഫീസർമാരുടേയും നേതൃത്വത്തിൽ അവരവരുടെ അധികാര പരിധിക്കുള്ളിലുള്ള സർക്കാർ ഭൂമികളും ഇടവഴികളും പുറമ്പോക്കുകളും കയ്യേറി വച്ചിരിക്കുന്നത് ഒഴിപ്പിച്ചെടുക്കുന്നതിനു ഒരു 'സ്പെഷ്യൽ ഡ്രൈവ് നടത്തി ഒഴിപ്പിക്കുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) ജില്ലാ കളക്ടർമാർ ഇപ്രകാരമുള്ള കൈയ്യേറ്റ കേസുകൾ നിരീക്ഷിക്കുകയും കോടതി ഇടപെടലുകൾ കാരണം ഒഴിപ്പിക്കൽ നടപടികൾ നടത്തുവാൻ കഴിയാതിരിക്കുന്ന കേസ്സുകളെ സംബന്ധിച്ച് വിവരങ്ങൾ 'മോണിറ്ററിംഗ് സെല്ലിന് സമയാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## കേരള അന്യംനിന്നതും നഷ്ടപ്പെട്ടതുമായ വസ്തുക്കൾ സംബന്ധിച്ച ആക്ട് - 1964 പ്രകാരം ഏറ്റെടുത്ത ഭൂമിയുടെ വിശദാംശങ്ങൾ (2016-2021)

| ക്രമ നം | ജില്ല | താലൂക്ക് | വില്ലേജ് | ബ്ലോക്ക് നമ്പർ | സർവ്വേ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) (ആർ) | ഉത്തരവിന്റെ നമ്പരും തീയതിയും |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | നെടുമങ്ങാട് | അരുവിക്കര | 40 | 344/20 | 10.15 ആർ | ബി11/23227/14 തീയതി 07.10.2017 |
| | | കാട്ടാക്കട | വിളപ്പിൽ | 1 | 228 /19-1, 19/1-1 | 04.05 ആർ | ബി11/23227/14 തീയതി 23.12.2020 |
| 2 | കൊല്ലം | Nil | | | | | |
| 3 | പത്തനംതിട്ട | Nil | | | | | |
| 4 | ആലപ്പുഴ | Nil | | | | | |
| 5 | കോട്ടയം | ~~Nil~~ കാഞ്ഞിരപ്പള്ളി | ഇടക്കുന്നം | 5 | 438/10 | 1.6564 | ഉത്തരവ് തീയതി 6.12.2017 |
| 6 | ഇടുക്കി | തൊടുപുഴ | കരിങ്കുന്നം | 15 | 277/15 | 20.40 ആർ | 12.02.2020 |
| 7 | എറണാകുളം | Nil | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | തൃശ്ശൂർ | Nil | | | | | |
| 9 | പാലക്കാട് | Nil | | | | | |
| 10 | മലപ്പുറം | പൊന്നാനി | എടപ്പാൾ | | 6016 | 02.81 ആർ | |
| 11 | കോഴിക്കോട് | കൊയിലാണ്ടി | കൊടുംങ്ങല്ലൂർ | | 25.1 | 0277 | 27/09/2017 |
| | | താമരശ്ശേരി | തിരുവമ്പാടി | | അൺ സർവ്വെ | 2.388 | 11.06.2020 |
| | | കോഴിക്കോട് | കച്ചേരി | | 1-22-925 | 0.1478 | 06/10/2018 |
| | | വടകര | പാലയാട് | | 4/21 | 0.01616 | 16/10/2020 |
| 12 | വയനാട് | മാനന്തവാടി | തൃശിലേരി | | 348,454,3 34, 349 | 85.6997 ഹെക്ടർ | ബി3/2017/2545/1 2 തിയതി 21.04.2018 |
| 13 | കണ്ണൂർ | ഇരിട്ടി | തലക്കാട് | | 46/4 | 110.083 ഹെക്ടർ | LA/644/17/ DCKNR തിയതി 05/03/2020 |
| | | കണ്ണൂർ | എടക്കാട് | | 25/9 | 6 സെന്റ് | L4-8854/19 DCKNR തിയതി 29/07/2019 |
| 14 | കാസറഗോഡ് | ഹോസ്ദുർഗ്ഗ് | ചീമേനി | | 246/3 | 0.12 ആർ | |

കെ രാജൻ
Minister